## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സഹകരണ ബാങ്കുകൾവഴി കടാശ്വാസം

**85(2073)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സഹകരണ ബാങ്കുകൾവഴി കടാശ്വാസം നൽകുന്നുണ്ടോ ; വിശദവിവരം നൽകാമോ ;

(ബി) സമയപരിധി ഏതുമുതൽ ഏതുവരെയെന്ന് വ്യക്തമാക്കാമോ ; സമയപരിധി നീട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) ഒന്നര ലക്ഷം രൂപവരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധികഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് 30-3-2015-ലെ സ.ഉ.(അച്ചടി)24/15/പജപവവിവ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന് അനുസൃതമായി പദ്ധതി സഹകരണ സംഘങ്ങളിൽ നടപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഒന്നര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 50,000 രൂപവരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 10-12-2013-ലെ സ.ഉ.(അച്ചടി)99/13/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതിലേയ്ക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണംചെയ്ത വായ്പകളുമായി ബന്ധപ്പെട്ട് അർഹതയുണ്ടെന്ന് കണ്ടെത്തിയ 2.60 കോടി രൂപ അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സഹകരണസംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

ഒന്നര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 25,000 രൂപവരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും

LIBRARY ARCHIVES Kerala Legislative Assembly

12-11-2009-ലെ സ.ഉ.(അച്ചടി)100/09/പജപവവിവ. നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും ടി ഇനത്തിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 67.41 കോടി രൂപ ബന്ധപ്പെട്ട സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 31-3-2010-ൽ കാലാവധി കഴിഞ്ഞ് കടിശ്ശികയായ വായ്പകൾക്കാണ് 30-3-2015-ലെ സ.ഉ.(അച്ചടി)24/15/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യത്തിന് അർഹത നേടുന്നതിന് വായ്പക്കാരൻ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട വായ്പാ സംഘങ്ങളിൽ ഹാജരാക്കേണ്ട സമയപരിധി 31-5-2015 എന്ന് നിർദ്ദേശിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. ടി പദ്ധതിയുടെ ആനുകൂല്യം പരമാവധി വായ്പക്കാർക്ക് ലഭ്യമാക്കുന്നതിനായി ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ട സമയപരിധി 30-6-2015 വരെ ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. സമയപരിധി വീണ്ടും ദീർഘിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കേപ്പിന്റെ സാമ്പത്തികസ്ഥിതി

**86(2074)** <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേപ്പ് സാമ്പത്തിക തകർച്ചയിലാണോ ; ആണെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; കേപ്പിന്റെ പൊതു സാമ്പത്തികസ്ഥിതി വിശദമാക്കാമോ ;

(ബി) കേപ്പിലെ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം നൽകാൻ എന്തു തുക വേണ്ടിവരും, വ്യക്തമാക്കാമോ ;

(സി) കേപ്പിലെ ജീവനക്കാർക്ക് 2015 മേയ് മാസത്തെ ശമ്പളം നല്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നൽകിയത് ; ഇതിനാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തിയത്, വ്യക്തമാക്കുമോ;

(ഡി) കേപ്പ് ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് വായ്പയും ഓവർഡ്രാഫ്റ്റും എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) വായ്പയും ഓവർ ഡ്രാഫ്റ്റും എടുത്ത വകയിൽ എന്തു തുക ഇനിയും സ്ഥാപനങ്ങൾക്ക് തിരിച്ചടയ്ക്കുവാനുണ്ട് ;

(എഫ്) കേപ്പിന്റെകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര സീറ്റുകൾ നിലവിൽ ഒഴിഞ്ഞുകിടപ്പുണ്ട് ; പ്രസ്തുത സീറ്റുകളിൽ അഡ്മിഷൻ നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly